# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*137 11-08-2017 ൽ മറുപടിയ്ക്ക്

## നെൽവർഷ ആചരണ പദ്ധതി

**ചോദ്യം**
ശ്രീ.പി. ഉണ്ണി
ആർ. രാജേഷ്
,, മുരളി പെരുനെല്ലി
,, ഡി.കെ. മുരളി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വ്യാപനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച നെൽവർഷ ആചരണ പദ്ധതി എത്രമാത്രം ഫലപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | നെൽകൃഷി വികസനത്തിന് സമഗ്ര നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 മുതൽ നടപ്പാക്കുന്നു. പദ്ധതി വളരെ ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1)വരെ ആണ് നെൽ വർഷമായി ആചരിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽ കൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായിക വിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയാറാക്കി നടപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. |

| | | | |
|---|---|---|---|
| (ബി) | തരിശുനിലത്തു കൃഷിയിറക്കുന്നതിനും നെൽവയലുകളുടെ സംരക്ഷണത്തിനും അനിവാര്യമായ നെൽവയൽ തണ്ണീർത്തട ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ; | (ബി) | 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകരിക്കേണ്ട ഡാറ്റാ ബാങ്കുകൾ തയാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നടപടികൾ സർക്കാർ ഊർജ്ജസ്വലമാക്കുകയുണ്ടായി. സംസ്ഥാനത്തെ 1076 കൃഷി ഭവൻ പ്രദേശങ്ങളിൽ ഇതിനോടകം 669 എണ്ണത്തിൽ ഡാറ്റാ ബാങ്ക് തയാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 226 കൃഷി ഭവനുകളിലെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗവ. പ്രസ്സുകളിൽ ഏല്പിച്ചിട്ടുണ്ട്. 9 ജില്ലകളിലായി 22 കൃഷി ഭവൻ പ്രദേശങ്ങളിൽ നെൽ വയൽ/തണ്ണീർത്തടം ഇല്ലാത്തതാണ്. ഡാറ്റാ ബാങ്ക് തയാറാക്കി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഏല്പിക്കുകയും എന്നാൽ ഗസറ്റ് വിജ്ഞാപനം നടത്താനായി അവ ഗവ. പ്രസ്സിലേക്ക് കൈമാറാത്തതുമായ 136 എണ്ണവും ഡാറ്റാ ബാങ്ക് തയ്യാറാക്കൽ പൂർത്തിയാകാനുണ്ടായിരുന്ന 23 എണ്ണവും ഉൾപ്പെടെ 159 പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ പരിശോധിച്ച് കുറ്റമറ്റ രീതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിനും തുടർന്ന് മറ്റെല്ലാ പഞ്ചായത്തുകളും ഈ രീതിയിൽ കുറ്റമറ്റ രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനും കെ.എസ്. ആർ.ഇ.സി.യുടെ സഹകരണത്തോടെ കൃഷി, റവന്യൂ വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നു. ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിനും പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതിനുമായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ കൺവീനറും, കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ശാസ്ത്ര |

ഉപദേഷ്ടാവ്, സർവേ ആന്റ് ലാന്റ് റെക്കോർഡ്സ് ഡയറക്ടർ, കെ.എസ്.ആർ.ഇ.സി. ഡയറക്ടർ എന്നിവർ അംഗങ്ങളായും ഒരു ഉന്നതതലസമിതി സ.ഉ.(ആർ.റ്റി.) നം. 47/2017/കൃഷി, കൃഷി (എൻ.സി.എ.) വകുപ്പ് തീയതി 18/01/2017 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. ടി ഉന്നതതല സമിതി 11/05/2017 ൽ യോഗം ചേരുകയും പദ്ധതി പുരോഗതി അവലോകനം ചെയ്ത് നടപടികൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ സ.ഉ.(പി)നം. 34/2017/ റവന്യൂ റവന്യൂ (പി) വകുപ്പ് തീയതി 30/5/17 പ്രകാരം സർക്കാർ ഭേദഗതി വരുത്തുകയുണ്ടായി. അതിൻ പ്രകാരം നിലവിൽ നെൽ വയൽ/ തണ്ണീർത്തടമായി നിലനില്ക്കുന്ന സ്ഥലങ്ങൾ ഗസറ്റിൽ പ്രസിദ്ദീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ല എങ്കിൽ ആയതു ഉൾപ്പെടുത്തുന്നതിന് പ്രാദേശികതല നിരീക്ഷണ സമിതിക്ക് അധികാരമുണ്ട്. വിജ്ഞാപനം ചെയ്യപ്പെട്ട ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും ഭേദഗതി ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ പുന:പരിശോധന അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ പരിശോധിച്ച് പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കാനും ആക്ട് പ്രാബല്യത്തിൽ വന്ന 12/8/2008 ന് മുമ്പും ശേഷവുമുള്ള ഉപഗ്രഹചിത്രങ്ങൾ ഉപയോഗിച്ച് പ്രസ്തുത ഭൂമിയുടെ സ്വഭാവം സംബന്ധിച്ച തീരുമാനം എടുത്ത് ഡാറ്റാ ബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പരിഷ്കരിച്ച് വീണ്ടും പ്രസിദ്ധപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള അപേക്ഷകൾ പ്രാദേശിക തല നിരീക്ഷണ സമിതി കൺവീനർമാരായ

| | | | |
|---|---|---|---|
| | | | അതതു പ്രദേശത്തെ കൃഷി ഓഫീസർമാർ സ്വീകരിച്ച് നടപടി കൈക്കൊണ്ടു വരികയാണ്. |
| (സി) | നെല്ല് സംരക്ഷണം കാര്യക്ഷമമാക്കാനും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി, സംഭരിച്ച നെല്ലിന്റെ വില ഉടൻ തന്നെ നൽകാനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ നിലവിലുള്ളതിൽ നിന്നും വ്യത്യസ്തമായി സംഭരിച്ച നെല്ലിന്റെ വില ഉടൻ നൽകുന്നതിനായി PRS Loan സംവിധാനത്തിലൂടെ കർഷകർക്ക് സംഭരിച്ച നെല്ലിന്റെ തുക മൂന്ന് ദിവസത്തിനുള്ളിൽ കർഷകർക്ക് അക്കൗണ്ട് ഉള്ള ബാങ്കിൽ നിന്നും ലഭ്യമാക്കുവാൻ ബാങ്ക് ഓഫ് ഇന്ത്യ, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ബാങ്കുകളുമായി സപ്ലൈകോ ഇതിനകം ധാരണയിൽ എത്തിയിട്ടുണ്ട്. മറ്റു ബാങ്കുകളുമായും ഉടനെ ധാരണയിൽ എത്തുവാൻ സപ്ലൈകോയ്ക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. അടുത്ത സംഭരണ സീസണിനു മുൻപ് ഇത് പൂർണ്ണമായും പ്രാബല്യത്തിൽ വരുന്നതാണ്. |

സെക്ഷൻ ഓഫീസർ